2025
DECEMBER
10
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper





### ഫിലിം സർട്ടിഫിക്കേഷൻ

# സമിതികളിൽ 50 ശതമാനം വനിതാ പങ്കാളിത്തം

**ന്യൂഡൽഹി:** ഫിലിം സർട്ടിഫിക്കേഷനായി സിബിഎഫ്സി രൂപീകരിക്കുന്ന എല്ലാ പരിശോധനാ, പുനരവലോകന സമിതികളിലും 50% വനിതാ പങ്കാളിത്തം ഉറപ്പാക്കുമെന്ന് വാർത്താ വിതരണ പ്രക്ഷേപണ, പാർലമെന്ററി കാര്യ സഹമന്ത്രി ഡോ. എൽ. മുരുകൻ രാജ്യസഭയിൽ വ്യക്തമാക്കി.1952ലെ സിനിമാട്ടോഗ്രാഫ് നിയമവും അതിന് കീഴിലുള്ള ചട്ടങ്ങളും അനുസരിച്ചാണ് ബോർഡ് അംഗങ്ങളുടെ കാലാവധി നിയന്ത്രിക്കുന്നത്. 2024ലെ സിനിമാട്ടോഗ്രാഫ് (സർട്ടിഫിക്കേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം, ഓരോ അംഗത്തിനും കേന്ദ്ര ഗവണ്മെന്റിന്റെ താൽപര്യപ്രകാരം മൂന്ന് വർഷത്തിൽ കൂടാത്ത കാലയളവിൽ ഒദ്യോഗിക പദവി വഹിക്കാനാകും. അതേ സമയം, ആ സ്ഥാനത്ത് പുതിയ അംഗങ്ങളെ നിയമിക്കുന്നതുവരെ നിലവിലെ അംഗങ്ങളുടെ കാലാവധി തുടരുന്നതാണ്. ബോർഡ് അംഗങ്ങളുമായി സിബിഎഫ്സി ഓൺലൈനായി യോഗങ്ങൾ നടത്തുന്നു.

2017 മുതൽ, സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ പ്രധാനമായും ഇ-സിനിപ്രമാൺ ഓൺലൈൻ സർട്ടിഫിക്കേഷൻ പ്ലാറ്റ്ഫോം വഴി ഡിജിറ്റലാക്കിയിട്ടുണ്ട്. അതിലൂടെ അപേക്ഷകളുടെ സമർപ്പണം, നടപടിക്രമം,അംഗീകാരങ്ങൾ എന്നിവ ഓൺലൈനായി നടക്കുന്നു. സമർപ്പിക്കപ്പെടുന്ന സിനിമകളുടെ എണ്ണത്തെ അടിസ്ഥാനമാക്കി പരിശോധന, പുനരവലോകന സമിതികളുടെ യോഗങ്ങൾ എന്നിവ ആവശ്യാനുസരണം നടക്കുന്നു. ഇത് സമയബന്ധിതമായ സർട്ടിഫിക്കേഷൻ ഉറപ്പാക്കുന്നുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. സിനിമയുടെ പേര്, ഭാഷ, ദൈർഘ്യം, അപേക്ഷകന്റെ പേര്, നിർമ്മാതാവിന്റെ പേര്, സംഗ്രഹം, അഭിനേതാക്കളുടെ/സംഘത്തിന്റെ വിശദാംശങ്ങൾ തുടങ്ങി സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകാൻ ക്യൂആർ കോഡ് സംവിധാനം സഹായിക്കുന്നു.

ഡാറ്റ സുരക്ഷ, സമഗ്രത, സ്വകാര്യത പാലിക്കൽ എന്നിവ ഉറപ്പാക്കുന്നതിന് ഇ-സിനിപ്രമാൺ പോർട്ടലിലെ ക്യൂആർ കോഡിന് കീഴിൽ ലഭ്യമാകുന്ന ഉള്ളടക്കത്തിൽ ഏതാനും ചില മാറ്റങ്ങൾ മാത്രമേ



വരുത്തിയിട്ടുള്ളൂ. ഈ മാറ്റങ്ങൾ, പൊതുജനങ്ങൾക്ക് സർട്ടിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങളുടെ ലഭ്യതയെ ബാധിക്കില്ല. സിബിഎഫ്സി എല്ലാ വർഷവും കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന് വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നു. ഈ വിവരങ്ങൾ മന്ത്രാലയം, അതിന്റെ ഏകീകൃത വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പതിവായി പ്രസിദ്ധീകരിക്കുകയും മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്യുന്നുവെന്നും കേന്ദ്രമന്ത്രി ഡോ. എൽ. മുരുകൻ വ്യക്തമാക്കി

### എറണാകുളം പോസ്റ്റൽ ഡിവിഷൻ

## ‘ഡാക് അദാലത്ത് ‘16 ന്

**തിരുവനന്തപുരം:** എറണാകുളം പോസ്റ്റൽ ഡിവിഷന്റെ ഡിവിഷണൽ ലെവൽ ‘ഡാക് അദാലത്ത്‘ ഡിസംബർ 16 ന് വൈകുന്നേരം 4 മണിക്ക് എറണാകുളം ഹെഡ് പോസ്റ്റ് ഓഫീസ് കോംപ്ലക്സിലെ അഞ്ചാം നിലയിലുള്ള എറണാകുളം ഡിവിഷൻ സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റിന്റെ ഓഫീസിൽ നടക്കും. അദാലത്തിൽ തപാൽ ഉപഭോക്താക്കളുടെ പരാതികൾ പരിഗണിക്കും. പരാതികൾ മുൻകൂട്ടി അയയ്ക്കണം. അയച്ചയാളുടെയും വിലാസക്കാരന്റെയും പൂർണ്ണ വിലാസം, പോസ്റ്റ് ചെയ്ത തീയതിയും സമയവും, രജിസ്ട്രേഷൻ രസീത് നമ്പർ, ഇഎംഒ/വിപി/രജിസ്റ്റർ ചെയ്തതോ ഇൻഷ്വർ ചെയ്തതോ/സ്പീഡ് പോസ്റ്റ് ആർട്ടിക്കിളുകൾ ബുക്ക് ചെയ്ത തീയതിയും ഓഫീസും ഉൾപ്പെടെയുള്ള പൂർണ്ണ വിവരങ്ങൾ ഇതിൽ അടങ്ങിയിരിക്കണം.

പരാതി സേവിംഗ്സ് സ്കീമുകളെക്കുറിച്ചോ പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് അല്ലെങ്കിൽ റൂറൽ പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് എന്നിവയെക്കുറിച്ചോ ആണെങ്കിൽ, പരാതിയിൽ അക്കൗണ്ട് നമ്പർ, നിക്ഷേപകന്റെ പേര്, പൂർണ്ണ വിലാസം, പോസ്റ്റ് ഓഫീസിന്റെ പേര്, തപാൽ വകുപ്പിന്റെ ഏതെങ്കിലും റഫറൻസ് എന്നിവ ലഭ്യമാണെങ്കിൽ ഉൾപ്പെടുത്തണം. മുൻ ഡാക് അദാലത്തുകളിൽ ഏറ്റെടുത്ത് തീർപ്പാക്കിയ കേസുകൾ വീണ്ടും പരിഗണിക്കുന്നതല്ല.

സൗകര്യം പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നവർ പരാതികൾ ‘ഡാക് അദാലത്ത്‘ എന്ന് എഴുതിയ കവറുകളിൽ ‘സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ്സ്, എറണാകുളം ഡിവിഷൻ, കൊച്ചി-682 011‘ എന്ന വിലാസത്തിൽ അയയ്ക്കുകയോ അല്ലെങ്കിൽ

sspekmdn.keralapost@gmail.com എന്ന വിലാസത്തിൽ അയയ്ക്കുകയോ ചെയ്യാം. പരാതികൾ ലഭിക്കേണ്ട അവസാന തിയതി ഡിസബർ 12 ആണ്. അപേക്ഷയിൽ മൊബൈൽ നമ്പറും ഇ-മെയിൽ ഐഡിയും ഉറപ്പാക്കുക.

# സാമൂഹിക ശാക്തീകരണത്തിന് കരകൗശലമേഖലയുടെ പ്രോൽസാഹനം അനിവാര്യം

**ന്യൂഡൽഹി:** സാമൂഹിക ശാക്തീകരണത്തിന് കരകൗശല മേഖലയെ പ്രോത്സാഹിപ്പിക്കുന്നത് പ്രധാനമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ 2023, 2024 വർഷങ്ങളിലെ ദേശീയ കരകൗശല പുരസ്കാരങ്ങൾ സമ്മാനിച്ച് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ഈ മേഖലയിലെ തൊഴിൽ ശക്തിയുടെ 68 ശതമാനവും സ്ത്രീകളാണെന്നതിനാൽ മേഖലയുടെ വികസനം സ്ത്രീ ശാക്തീകരണത്തിന് കരുത്തേകുമെന്നും രാഷ്ട്രപതി പറഞ്ഞു.




പുരാതന കാലം മുതൽ മനുഷ്യർ ചിത്രങ്ങളിലൂടെയോ ശിൽപ്പങ്ങളിലൂടെയോ വികാരങ്ങൾ പ്രകടിപ്പിക്കാറുണ്ട്. കല ജനങ്ങളെ സംസ്കാരവുമായും പരസ്പരവും ബന്ധിപ്പിക്കുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു.

നൂറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ കരകൗശല പാരമ്പര്യം ഇന്നും ഊർജ്ജസ്വലമായി സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ, അത് തലമുറകളായുള്ള നമ്മുടെ കരകൗശല വിദഗ്ധരുടെ പ്രതിബദ്ധത മൂലമാണെന്ന് രാഷ്ട്രപതി പറഞ്ഞു. നമ്മുടെ കരകൗശല വിദഗ്ധർ കലയുടെ യഥാർത്ഥ ചൈതന്യം നിലനിർത്തിക്കൊണ്ട് മാറുന്ന കാലത്തിനനുസരിച്ച് കലയെയും പാരമ്പര്യത്തെയും പൊരുത്തപ്പെടുത്തി. അവരുടെ ഓരോ കലാസൃഷ്ടിയിലും രാജ്യത്തിന്റെ മണ്ണിന്റെ പരിമളം അവർ സംരക്ഷിച്ചിട്ടുണ്ട്. കരകൗശല വസ്തുക്കൾ നമ്മുടെ സാംസ്കാരിക സ്വത്വത്തിന്റെ ഒരു ഭാഗം മാത്രമല്ല, ഉപജീവനമാർഗ്ഗവും കൂടിയാണെന്ന് രാഷ്ട്രപതി പറഞ്ഞു.

രാജ്യത്ത് 3.2 ദശലക്ഷത്തിലധികം പേർക്ക് തൊഴിൽ നൽകുന്ന മേഖലയാണിത്. കരകൗശല വസ്തുക്കളിൽ നിന്ന് തൊഴിലും വരുമാനവും നേ



ടുന്നവരിൽ ഭൂരിഭാഗവും ഗ്രാമപ്രദേശങ്ങളിലോ വിദൂര പ്രദേശങ്ങളിലോ താമസിക്കുന്നു എന്നത് ശ്രദ്ധേയമാണ്. തൊഴിലും വരുമാനവും വികേന്ദ്രീകരിച്ചുകൊണ്ട് ഈ മേഖല സമഗ്ര വികസനം പ്രോത്സാഹിപ്പിക്കുന്നു. സാമൂഹിക ശാക്തീകരണത്തിന് കരകൗശല മേഖലയെ പ്രോത്സാഹിപ്പിക്കുന്നത് പ്രധാനമാണ്. പരമ്പരാഗതമായി ദുർബല വിഭാഗങ്ങളിൽ നിന്നുള്ളവർക്ക് ഈ മേഖല പിന്തുണ നൽകുന്നു. കരകൗശല വസ്തുക്കൾ, അവയുടെ നിർമാതാക്കൾക്ക് ഉപജീവനമാർഗ്ഗം നൽകുക മാത്രമല്ല, അവർക്ക് സമൂഹത്തിൽ അംഗീകാരവും ആദരവും നൽകുന്നു.

പ്രകൃതിദത്തവും പ്രാദേശികവുമായ വിഭവങ്ങളെ ആശ്രയിക്കുന്നതാണ് കരകൗശല വ്യവസായത്തിന്റെ ഏറ്റവും വലിയ ശക്തിയെന്നും രാഷ്ട്രപതി പറഞ്ഞു. കുറഞ്ഞ കാർബൺ ഫുട്പ്രിന്റുള്ള ഈ വ്യവസായം പരിസ്ഥിതി സൗഹൃദപരമാണ്. ഇന്ന് പരിസ്ഥിതിയ്ക്ക് അനുയോജ്യവും സുസ്ഥിരവുമായ ഒരു ജീവിതശൈലിയുടെ ആവശ്യകത ലോകമെമ്പാടും ഊന്നിപ്പറയുന്നു. അത്തരമൊരു സാഹചര്യത്തിൽ, സുസ്ഥിരതയ്ക്കായി ഗണ്യമായ സംഭാവന നൽകാൻ ഈ മേഖലയ്ക്ക് കഴിയുമെന്നും രാഷ്ട്രപതി പറഞ്ഞു.

# കിഴക്കമ്പലത്ത് സംഘർഷം : ട്വന്റി20 പാർട്ടി പ്രസിഡന്റിനെ തടയാൻ ശ്രമം

**കിഴക്കമ്പലം:**വോട്ടെടുപ്പിനിടെ കിഴക്കമ്പത്ത് ബൂത്തിൽ സംഘഷം സൃഷ്ടിച്ച് സിപിഎം കോൺഗ്രസ് പ്രവർത്തകൾ ഗുണ്ടകളെപ്പോലെ അഴിഞ്ഞാടിയെന്നും കോടതിയും മാധ്യമങ്ങളും ഉള്ളത് കൊണ്ടാണ് താൻ ഇപ്പോഴും ജീവനോടെ ഇരിക്കുന്നതെന്നും ട്വന്റി20 പാർട്ടി സംസ്ഥാന പ്രസിഡന്റ്  സാബു ജേക്കബ് പറഞ്ഞു. തങ്ങളുടെ സ്വന്തം ബൂത്തായ വിലങ്ങ് സെന്റ് മേരീസ് പള്ളി ബൂത്തിൽ കുടുംബസമേതം താൻ വോട്ടു ചെയ്യാനെത്തിയപ്പോഴാണ് സിപിഎം-കോൺഗ്രസ് ഗുണ്ടകൾ അഴിഞ്ഞാടുകയും ബൂത്തിൽ സംഘർഷം സൃഷ്ടിക്കുകയും ചെയ്തത്.

മുൻ വർഷങ്ങളിൽ സിപിഎം ഗുണ്ടകൾ കിഴക്കമ്പലം പഞ്ചായത്തിലെ പലബൂത്തുകളിലും സംഘർഷം സൃഷ്ടിച്ച് കള്ളവോട്ട് ചെയ്യാൻ ശ്രമിച്ചിരുന്നു. ഇക്കുറി ഇതിനെ തടയാൻ ട്വന്റി20 പാർട്ടി സ്ഥാനാർത്ഥികൾ 10 പരം ഹർജികൾ ഹൈക്കോടതിയിൽ നൽകി 139 ബൂത്തുകളിൽ  വീഡിയോ റെക്കോഡിംഗും മുഴുവൻ ബൂത്തുകളിൽ പോലീസ് സംരക്ഷണത്തിനുള്ള ഉത്തരവും സമ്പാദിച്ചിരുന്നു. ഈ ഉത്തരവ് നടപ്പാക്കി കിട്ടുന്നതിന് ഇലക്ഷൻ കമ്മീഷൻ നിർദ്ദേശിച്ച തുകയും സ്ഥാനാർത്ഥികൾ സർക്കാരിൽ അടച്ചിരുന്നു. എന്നാൽ പാർട്ടിയുടെ ആവശ്യം നടപ്പാക്കി തരുന്നതിൽ സംസ്ഥന ഇലക്ഷൻ കമ്മീഷൻ പരാജയപ്പെട്ടു. ഇതിനെതിരെ കേന്ദ്ര ഇലക്ഷൻ കമ്മീഷനും, ഹൈക്കോടതിക്കും പാർട്ടി പരാതി നൽകും.

കിഴക്കമ്പലം പഞ്ചായത്തിലെ തിരഞ്ഞെടുപ്പ് പ്രിക്രിയ അട്ടിമറിക്കുന്നതിന് സിപിഎം പാർട്ടിയുടെയും സ്ഥലം എം.എൽ.എ പി.വി. ശ്രീനിജന്റെയും നേതൃത്വത്തിൽ ആസൂത്രിത നീക്കമാണ് നടന്നത്. കഴിഞ്ഞ തവണയും ഇപ്രകാരമുള്ള കുത്സിത പ്രവർത്തനം നടത്തിയെങ്കിലും ജനം ട്വന്റി20യെ വൻ ഭൂരിപക്ഷത്തിൽ വിജയിപ്പിക്കുകയാണുണ്ടായത്.വർഷങ്ങളായി സി.പി.എം. കണ്ണൂരിൽ ജനങ്ങളെ ഭയപ്പെടുത്തി കീഴ്പ്പെടുത്തി അടിമകളാക്കി പാർട്ടി ഗ്രാമം സൃഷ്ടിച്ച്  ജനാധിപത്യ പ്രിക്രിയയെ അട്ടിമറിച്ച് വരുന്ന പ്രവർത്തന ശൈലി മധ്യകേരളത്തിലേയ്ക്കു കൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള അതിക്രമമെന്നും സാബു ജേക്കബ്ബ് പറഞ്ഞു.

# പരീക്ഷാകേന്ദ്രങ്ങൾ ആവശ്യമുണ്ട്


**തിരുവനന്തപുരം:** കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്  ഓഫ് ഓപ്പൺ സ്കൂളിംഗ്  (NIOS), കൊച്ചി റീജിയണിലേക്ക് ഏപ്രിൽ / മെയ് 2026ൽ നടത്തുന്ന പൊതു പരീക്ഷാ നടത്തിപ്പിന് പരീക്ഷാകേന്ദ്രങ്ങൾക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഡിസംബർ 31 വരെ ചെയ്യാവുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾ CBSE/ICSE/State ബോർഡ് അഫിലിയേഷനുള്ള സെക്കന്ററി / സീനിയർ സെക്കന്ററി സ്കൂളുകൾ ആയിരിക്കണം. പരീക്ഷാ കേന്ദ്രമായി രജിസ്റ്റർ ചെയ്യുന്നതിനായി https://exams.nios.ac.in എന്ന പോർട്ടൽ സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്കായി rckochi@nios.ac.in എന്ന ഇമെയിലിലും 0484-2310032 /9746888988 എന്നീ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

# എൻഡോമെട്രിയോസിസിനെക്കുറിച്ചുള്ള വർക്ക്ഷോപ്പ്: അപേക്ഷകൾ ക്ഷണിച്ച് കെബിഎഫ്

KOCHI BIENNALE FOUNDATION

**കൊച്ചി:** എൻഡോമെട്രിയോസിസിനെക്കുറിച്ചുള്ള 'ഫൈൻഡിങ് യുവർ വേ ത്രൂ എൻഡോമെട്രിയോസിസ്' എന്ന ഏകദിന വർക്ക്ഷോപ്പിന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ (കെബിഎഫ്) അപേക്ഷകൾ ക്ഷണിച്ചു. ഫ്രഞ്ച് ആർട്ടിസ്റ്റും ബോർഡോക്സ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്യൂറേറ്ററുമായ നാദിയ റസ്സൽ കിസ്സൂൺ ആണ് വർക്ക്ഷോപ്പിന് നേതൃത്വം നൽകുന്നത്. ഡിസംബർ 15 ന് ഫോർട്ട് കൊച്ചിയിലെ ബാസ്റ്റിൻ ബംഗ്ലാവിൽ കെബിഎഫിന്റെ എബിസി ആർട്ട് റൂം പരിപാടിയുടെ ഭാഗമായാണ് വർക്ക്ഷോപ്പ് നടത്തുന്നത്.

രണ്ട് ബാച്ചുകളിലായി നടക്കുന്ന ഈ വർക്ക്ഷോപ്പ്, ലോകമെമ്പാടുമുള്ള 10 സ്ത്രീകളിൽ ഒരാളെ ബാധിക്കുകയും ഇതുവരെ ചികിത്സ കണ്ടെത്താൻ കഴിയാത്തതുമായ രോഗമായ എൻഡോമെട്രിയോസിസുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുള്ളവർക്ക് വേണ്ടിയുള്ളതാണ്. രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ നടക്കുന്ന വർക്ക്ഷോപ്പിൽ പ്രത്യേക ചലച്ചിത്ര പ്രദർശനവും ഉൾപ്പെടുത്തിയിട്ടുണ്ട്. എൻഡോമെട്രിയോസിസ് ബാധിതരായ വനിതകൾക്ക് അവരുടെ ജീവിതകഥകൾ, വെല്ലുവിളികൾ, അതിജീവനം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകുന്ന ഒരിടത്തിലേക്ക് കടന്നുവരാനുള്ള അവസരമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വർക്ക് ഷോപ്പിലേക്കുള്ള പ്രവേശനം സൗജന്യമാണ്.  പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് ഇൻസ്റ്റാഗ്രാം ബയോയിലും വെബ്സൈറ്റിലും ഗൂഗിൾ ഫോം വഴി അപേക്ഷകൾ അയക്കാവുന്നതാണ്.



# കോവളത്തിന് നൈറ്റ്‌ലൈഫ് നിർദ്ദേശങ്ങളുമായി ടൂറിസം ഹോസ്പിറ്റാലിറ്റി സംഘടനകൾ

**വിഴിഞ്ഞം:** കോവളത്തെ പഴയ പ്രതാപത്തിലേക്ക് തിരിച്ചെത്തിക്കുന്നതിനായി കോവളത്തെ ഒരു പ്രീമിയം ബീച്ച് വിനോദ കേന്ദ്രമാക്കി പുനരുജ്ജീവിപ്പിക്കണമെന്ന് ആവശ്യം.

പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ടൂറിസം ഹോസ്പിറ്റാലിറ്റി സംഘടനകൾ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. സൗത്ത് കേരള ഹോട്ടലിയേഴ്സ് ഫോറം, കേരള ഹോട്ടൽസ് ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ, കേരള ട്രാവൽ മാർട്ട് സൊസൈറ്റി,അസോസിയേഷൻ ഒഫ് ട്രാവൽ ആൻഡ് ടൂർ ഓപ്പറേറ്റേഴ്സ് ഒഫ് ഇന്ത്യ എന്നിവർ ചേർന്ന് ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. സമീപകാലത്ത് വിനോദസഞ്ചാര കേന്ദ്രത്തിലേക്ക് സഞ്ചാരികളുടെ എണ്ണം കുറഞ്ഞതോടെയാണ് നീക്കം. 2024ൽ 79,043 പേർ സന്ദർശിച്ച കോവളം, സംസ്ഥാനത്തെ മികച്ച 10 സ്ഥലങ്ങളുടെ പട്ടികയിൽ രണ്ടാം സ്ഥാനത്താണ്.

പാർപ്പിട സൗകര്യങ്ങളുടെ അപര്യാപ്തത, അറ്റകുറ്റപ്പണികൾ നടത്താത്ത റോഡുകൾ, വൃത്തിയുള്ള പൊതു ടോയ്ലെറ്റുകളുടെ അഭാവം, മലിനജല മാനേജ്മെന്റ്, മാലിന്യ നിർമ്മാർജനം എന്നിവ വെല്ലുവിളി ഉയർത്തുന്നുണ്ട്. സ്റ്റാർ ഹോട്ടലുകൾ ബിസിനസിലേക്ക് വരുന്നുണ്ടെങ്കിലും, 10,20 മുറികളുള്ള ചെറിയ ഹോട്ടലുകൾക്കാണ് പരിഗണന നൽകുന്നത്. ടാസ്ക് ഫോഴ്സ് തയാറാക്കിയ ആശയങ്ങൾ സർക്കാരിന് സമർപ്പിക്കുമെന്നും ഇവർ പറഞ്ഞു.

# കെ.സി.ബി.സി മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു



**കൊച്ചി:** വിവിധ മേഖലകളിൽ മികവ് തെളിയിച്ചവർക്കുള്ള കെസിബിസി മീഡിയ കമ്മിഷന്റെ 2025ലെ അവാർഡുകൾ പ്രഖ്യാപിച്ചു. മാധ്യമ അവാർഡിന് ടോം ജേക്കബ് അർഹനായി. ടി.വി സിനിമ മേഖലകളിൽ സജീവ സാന്നിധ്യമായി 40 വർഷത്തോളം തുടരുന്ന കലാജീവിതം ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വരുമാനം കിട്ടിയ പകിട പകിട പരമ്പരയുടെ നിർമ്മാതാവും 15 ൽ പരം സിനിമകളിൽ അഭിനേതാവും സിനിമ നിർമ്മാതാവുമാണ് ടോം ജേക്കബ്. പാൻ ഇന്ത്യൻ സിനിമയായ 'കലാം std B' യാണ് പുരസ്കാരത്തിന് അർഹനാക്കിയത്. സാഹിത്യ അവാർഡ് വി.ജെ ജെയിംസിനാണ് . സാഹിത്യരംഗത്തെ സമഗ്ര സംഭാവനയെ മുൻനിർത്തിയാണ് പുരസ്ക്കാരം.

കെസിബിസി ദാർശനിക വൈജ്ഞാനിക അവാർഡ് റവ.ഡോ.തോമസ് വള്ളിയാനിപ്പുറത്തിനാണ്. യോഹന്നാന്റെ സുവിശേഷത്തിലും, ജെറമിയ പ്രവാചകന്റെ പുസ്തകത്തിലും, റോമാക്കാർക്കുള്ള ലേഖനത്തിലും ഡോക്ടറേറ്റും പതിനെട്ടോളം പുസ്തകളുടെ രചയിതാവുകൂടിയാണ്. മലയാള സിനിമ കോംസ്റ്റ്യൂം രംഗത്ത് മികവു തെളിയിച്ച സ്റ്റെഫി സേവ്യറിനാണ് യുവപ്രതിഭ പുരസ്കാരം. ഗപ്പി എന്ന സിനിമയ്ക്ക് കേരള സർക്കാരിന്റെ ബെസ്റ്റ് കോസ്റ്റ്യൂം ഡിസൈനർ അവാർഡ് ല ഭിച്ചിട്ടുണ്ട്. ഗുരുപൂജ പുരസ്ക്കാരത്തിന് മൂന്നുപേർ അർഹരായി. ബേബിച്ചൻ ഏർത്തയിൽ, (കലാ,സാംസ്കാരിക പ്രവർത്തകൻ, എഴുത്തുകാരൻ) ഡോ.ജോർജ്ജ് മരങ്ങോലി (എഴുത്തുകാരൻ), ഫാ.ജോൺ വിജയൻ ചോഴംപറമ്പിൽ(ക്രൈസ്തവ സംഗീതം ) എന്നിവർക്കാണു ഗുരുപൂജ പുരസ്കാരം, കെ.സി.ബി.സി മീഡിയ കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനിയാണ് അവാർഡുകൾ പ്രഖ്യാപിച്ചത്. ഡിസംബർ 16 നു പാലാരിവട്ടം പി.ഒ.സിയിൽ വച്ചു നടക്കുന്ന ചടങ്ങിൽ അവാർഡുകൾ നൽകുമെന്ന് മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ. സെബാസ്റ്റിൻ മിൽട്ടൺ അറിയിച്ചു.

# ലൂർദ് ആശുപത്രിയിൽ നൂതന ഡയാലിസിസ് യൂണിറ്റും ഹൃദയപൂർവ്വം പദ്ധതിയും

**കൊച്ചി:** എറണാകുളം ലൂർദ് ആശുപത്രിയിൽ പ്രൊഫസർ കെ.വി തോമസ് വിദ്യാധനം ട്രസ്റ്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന നൂതനമായ ഡയാലിസിസ് മെഷീനുകളുടെയും നിർധനരായ രോഗികൾക്ക് 50,000 രൂപയ്ക്ക് ബൈപ്പാസ് ഹൃദയ ശസ്ത്രക്രിയ സാധ്യമാക്കുന്ന ഹൃദയപൂർവ്വം പദ്ധതിയുടെയും ഉദ്ഘാടനം ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി ആർച്ച്ബിഷപ് ഡോ. ലെയോപോൾദോ ജിറെല്ലി നിർവഹിച്ചു.

ലൂർദ് ആശുപത്രി രക്ഷാധികാരിയും വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്തയുമായ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. പ്രൊഫസർ കെ.വി തോമസ്, വിദ്യാധനം ട്രസ്റ്റ് ഭാരവാഹികളായ രേഖ തോമസ്, അഡ്വ. കെ. എൽ. ജോസ്ഫ് എന്നിവർ ബൈപ്പാസ് ഹൃദയശസ്ത്രക്രിയയ്ക്ക് വേണ്ടിയുള്ള ആദ്യ ഗഡുവായ 5 ലക്ഷം രൂപ ചടങ്ങിൽ നൽകി. ലൂർദ് ആശുപത്രിയുടെ ഗ്രീൻ ഇനിഷ്യേറ്റീവിന്റെ ഭാഗമായി വത്തിക്കാൻ പ്രധിനിധി വൃക്ഷ തൈ നട്ടു.

ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ വത്തിക്കാൻ പ്രതിനിധി ആർച്ച്ബിഷപ് ഡോ. ലെയോപോൾദോ ജിറെല്ലിയെയും പ്രൊഫ. കെ വി തോമസിനെയും മെമന്റോ നൽകി ആദരിച്ചു. ലൂർദ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ഫാ. ജോർജ് സെക്വീര ,മെഡിക്കൽ സൂപ്രണ്ട് ഡോ. സന്തോഷ് ജോൺ എബ്രഹാം തുടങ്ങിയവർ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## ഡോ. ഫദ്‌ൽ എച്ച്. വീരാൻകുട്ടിക്ക് ആദരം



**കൊച്ചി:** ആതുര ശുശ്രൂഷ രംഗത്തെ മികച്ച സേവനത്തിന് എറണാകുളം വി.പി.എസ് ലേക്ഷോർ ആശുപത്രിയിലെ  കരൾ മാറ്റ ശസ്ത്രക്രിയ വിദഗ്ധൻ ഡോ. ഫദ്‌ൽ എച്ച്. വീരാൻകുട്ടിക്ക് മംഗളൂരു സർവകലാശാലയിൽ ആദരം. സർവകലാശാലയിലെ ശ്രീനാരായണ ഗുരു സ്റ്റഡി ചെയർ സംഘടിപ്പിച്ച ഗാന്ധിഗുരു സംവാദ നൂറാമത് വാർഷിക സർവമത സമ്മേളനത്തിലായിരുന്നു ആദരവ്.

കർണാടക ആഭ്യന്തരമന്ത്രി ഡോ. ജി. പരമേശ്വറിൽ നിന്നും അദ്ദേഹം ആദരം സ്വീകരിച്ചു. കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയിൽ മികച്ച വിജയനിരക്ക് നേടിയതിനാലാണ് ഡോ. ഫദ്‌ൽ എച്ച്. വീരാൻകുട്ടി പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടത്. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ, നിയമസഭാ സ്പീക്കർ യു.ടി. ഖാദർ, വിവിധ മന്ത്രിമാർ എന്നിവരും പരിപാടിയിൽ സംസാരിച്ചു.

## കൊച്ചി ദക്ഷിണേന്ത്യയിലെ സാമ്പത്തിക ശക്തിയായി മാറുന്നതായി ജെഎൽഎൽ

**കൊച്ചി:** വിവിധ രംഗങ്ങളിലെ അതിവേഗ മുന്നേറ്റത്തിന്റേയും മൽസരാധിഷ്ഠിതമായ സ്ഥിതിവിവരക്കണക്കുകളുടേയും പിന്തുണയോടെ കൊച്ചി കേരളത്തിന്റെ അനിഷേധ്യ സാമ്പത്തിക ശക്തിയായി സ്ഥാനം പിടിച്ചു കഴിഞ്ഞതായി ജെഎൽഎല്ലിന്റെ റിപോർട്ട് ചൂണ്ടിക്കാട്ടുന്നു. കേരളത്തിന്റെ സാമ്പത്തിക തലസ്ഥാനമായ കൊച്ചി സംസ്ഥാനത്ത് ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനവും ഐടി, ഐടി അധിഷ്ഠിത, നിർമാണ, കപ്പൽ നിർമാണ, ഷിപിങ്, സമുദ്രോൽപന്ന കയറ്റുമതി, സുഗന്ധദ്രവ്യ വ്യാപാര, രാസവസ്തു വ്യവസായ, ടൂറിസം  മേഖലകളിലെ മികച്ച പ്രകടനവുമായി മുന്നേറുകയാണെന്നും ജെഎൽഎല്ലിന്റെ ബിയോണ്ട് മെട്രോസ്, ഇൻസൈറ്റ്സ് ഇന്റു ഇന്ത്യാസ് എമർജിങ് റിയൽ എസ്റ്റേറ്റ് സ്റ്റാർസ് എന്ന റിപോർട്ട് ചൂിക്കാട്ടുന്നു.

## ഇയർ എൻഡ് ഓഫറുകൾ പ്രഖ്യാപിച്ച് ഇഞ്ചിയോൺ കിയ

**കൊച്ചി:** ഇയർഎൻഡ് ഓഫറുകൾ പ്രഖ്യാപിച്ച് കിയയുടെ കേരളത്തിലെ ഏറ്റവും വലിയ ഡീലറായ ഇഞ്ചിയോൺ കിയ. ഈ ഓഫർ കാലയളവിൽ, നിലവിലുള്ള ജിഎസ്ടി ആനുകൂല്യങ്ങൾക്ക് പുറമെ, കിയ സെൽറ്റോസ് 1.46 ലക്ഷം രൂപ വരെയും സിറോസ് 1.18 ലക്ഷം രൂപ വരെയും അധിക ആനുകൂല്യങ്ങളോടെ ഉപഭോക്താക്കൾക്ക് സ്വന്തമാക്കാമെന്ന് അധികൃതർ വ്യക്തമാക്കി. കൂടാതെ, ക്ലാവിസ് പെട്രോൾ, ഡീസൽ മോഡലുകൾക്ക് 90,620 രൂപ വരെയും ക്ലാവിസ് ഇവി മോഡലിന് 80,620 രൂപ വരെയും അധിക ആനുകൂല്യങ്ങൾ ലഭ്യമാണ്. കിയ സോണറ്റിന് ജിഎസ്ടി ആനുകൂല്യങ്ങൾക്ക് പുറമെ 58,750 രൂപ വരെ പ്രത്യേക ആനുകൂല്യങ്ങളും ഈ കാലയളവിൽ ലഭിക്കുന്നതാണ്. ഓഫറുകൾ 2025 ഡിസംബർ 31 വരെ തിരുവനന്തപുരം മുതൽ പാലക്കാട് വരെയുള്ള ഇഞ്ചിയോൺ കിയയുടെ എല്ലാ ഡീലർഷിപ്പുകളിലും ലഭ്യമാകും.

## പാർക്ക് മെഡി വേൾഡ് ഐപിഒ ഡിസംബർ 10 മുതൽ



**കൊച്ചി:** പാർക്ക് മെഡി വേൾഡ് ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപ്പന (ഐപിഒ) 2025 ഡിസംബർ 10 മുതൽ 12 വരെ നടക്കും. ഐപിഒയിലൂട 920 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 770 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 150 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 154 മുതൽ 162 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 92 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 92 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻ.എസ്.ഇയിലും ബി.എസ്.ഇയിലും ലിസ്റ്റ് ചെയ്യും. നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ്, സിഎൽഎസ്എ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, ഇന്റൻസീവ് ഫിസ്കൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# റോഡ് നിർമ്മാണം: മഹീന്ദ്ര 'കോംപാക്സ്' മിനി കംപാക്ടർ പുറത്തിറക്കി



**കൊച്ചി:** റോഡ് നിർമാണത്തിനായി മഹീന്ദ്ര രൂപകൽപ്പന ചെയ്ത പുതിയ മിനി കംപാക്ടറായ മഹീന്ദ്ര കോംപാക്സ് പുറത്തിറക്കി. ബെംഗളൂരുവിലെ ബിഐഇസിയിൽ സി.ഐ.ഐ. സംഘടിപ്പിച്ച എക്സ്കോൺ എക്സിബിഷനിലാണ് മഹീന്ദ്രയുടെ കൺസ്ട്രക്ഷൻ ഇക്വിപ്മെന്റ് ബിസിനസ് (എംസിഇ) രൂപകൽപ്പന ചെയ്ത മഹീന്ദ്ര കോംപാക്സ് പുറത്തിറക്കിയത്. വിവിധ ശ്രേണികളിലായി അത്യാധുനിക സവിശേഷതകളും കൂടുതൽ സൗകര്യങ്ങളും ഉയർന്ന ഉൽപ്പാദനക്ഷമതയുമുള്ള എംസിഇ, സിഇവി വി നിരയിലെ പുതുതലമുറ യന്ത്രങ്ങളും ഇതിനൊപ്പം പ്രദർശിപ്പിച്ചു.

വിപണിയിൽ വലിയ ശ്രദ്ധ പിടിച്ചുപറ്റിയ മഹീന്ദ്ര റോഡ്മാസ്റ്റർ മോട്ടോർ ഗ്രേഡർ, മഹീന്ദ്ര എർത്ത്മാസ്റ്റർ ബാക്ക്ഹോ ലോഡർ തുടങ്ങിയവ ഉൾപ്പെടുന്ന യന്ത്രങ്ങളിലൂടെ മഹീന്ദ്രയുടെ കൺസ്ട്രക്ഷൻ എക്വിപ്മെന്റ് വിഭാഗം വിപണയിൽ ശക്തമായ സാന്നിധ്യമാണ്. ഉയർന്ന പവറും പ്രകടനക്ഷമതയും കുറഞ്ഞ ചിലവിൽ നൽകുന്ന റോഡ്മാസ്റ്ററിന് നിലവിൽ 18% വിപണി വിഹിതമാണുള്ളത്. എന്നാൽ എർത്ത്മാസ്റ്റർ കൂടുതൽ ടോർക്ക്, പുതിയ സവിശേഷതകൾ, ഉയർന്ന ഇന്ധനക്ഷമത എന്നിവയിലൂടെ ഓപ്പറേറ്റർമാരുടെ ഉൽപ്പാദനക്ഷമതയും വരുമാനവും വർധിപ്പിക്കുന്നു.

എംസിഇ യന്ത്രങ്ങൾക്ക് 136ലധികം ടച്ച്പോയിന്റുകൾ ഉൾപ്പെടുന്ന വലിയ സർവീസ്, സ്പെയർ പാർട്ട്സ് ശൃംഖലയാണുള്ളത്. 51ലധികം 3എസ് ഡീലർഷിപ്പുകൾ, 16 സാത്തി പ്ലസ് അംഗീകൃത സർവീസ് സെന്ററുകൾ, 19ലധികം സാത്തി പ്ലസ് സെയിൽസ് ഔട്ട്ലെറ്റുകൾ, 50ലധികം സ്പെയർ പാർട്സ് ഔട്ട്ലെറ്റുകളാണുള്ളത്.

# ഫെഡറൽ ബാങ്ക് ശാഖകളുടെ എണ്ണം 1600 കടന്നു



**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ ശാഖകളുടെ എണ്ണം 1600 കടന്നു.  ബാങ്കിങ് സേവനങ്ങൾ രാജ്യവ്യാപകമായി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ന്യൂഡൽഹി മാനസരോവർ ഗാർഡനിൽ ആണ് 1600ാമത് ശാഖ തുറന്നത്.  ഡൽഹി ആഭ്യന്തര, ഊർജ്ജ, വിദ്യാഭ്യാസ, നഗരവികസന വകുപ്പ് മന്ത്രി ആശിഷ് സൂദ് പുതിയ ശാഖയുടെ ഉദ്ഘാടനം നിർവഹിച്ചു. ബാങ്കിന്റെ ഡൽഹി സോണിനു കീഴിലുള്ള  141ാമത് ശാഖയാണിത്. ജനപ്രിയ ബാങ്കിങ് സേവനങ്ങൾക്കുപുറമെ ചെറുകിട സംരംഭകർക്കുള്ള വായ്പാ സൗകര്യം, ഡിജിറ്റൽ ബാങ്കിങ്, റിലേഷൻഷിപ് ബാങ്കിങ്, എൻആർഐ സേവനങ്ങൾ തുടങ്ങിയ സേവനങ്ങൾ ശാഖയിൽ ലഭ്യമാണ്. ഉപഭോക്തൃ കേന്ദ്രീകൃത ബാങ്കിങ് പ്രവർത്തനങ്ങളിലൂടെ വടക്കേ ഇന്ത്യയിൽ സ്വാധീനം ശക്തിപ്പെടുത്താനാണ് ഫെഡറൽ ബാങ്ക് ലക്ഷ്യമിടുന്നത്.

മോത്തി നഗർ എംഎൽഎ ഹരീഷ് ഖുറാന എടിഎം കം സിഡിഎമ്മിന്റെയും മുൻ എംഎൽഎ സുഭാഷ് സച്ച്ദേവ സ്ട്രോങ് റൂമിന്റെയും ഉദ്ഘാടനം നിർവഹിച്ചു. രാജ്യത്തിന്റെ തലസ്ഥാനനഗരി കേന്ദ്രീകരിച്ചുള്ള ബിസിനസ് പ്രവർത്തനങ്ങളിൽ വളർച്ച കൈവരിക്കാൻ പുതിയ ശാഖയിലൂടെ സാധിക്കുമെന്ന് ബാങ്കിന്റെ കൺസ്യൂമർ ബാങ്കിങ് വിഭാഗം നാഷണൽ ഹെഡ് വിരാട് ദിവാൻജി അഭിപ്രായപ്പെട്ടു. ഇടപാടുകാർക്ക് നൂതനവും വ്യക്തിഗതവുമായ ബാങ്കിങ് സേവനങ്ങൾ നൽകുകയെന്ന പ്രതിബദ്ധതയുടെ ഭാഗമായാണ് വിപുലീകരണം.

മേഖലയിലെ വികസനത്തിൽ മൂല്യവത്തായ സാമ്പത്തിക പങ്കാളിയാകുക എന്നതാണ് ഫെഡറൽ ബാങ്കിന്റെ കാഴ്ചപ്പാടെന്നും വിരാട് ദിവാൻജി പറഞ്ഞു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകളും ഭൗതിക ഇടപെടലുകളും സമന്വയിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം നൽകുന്ന 'ഫിജിറ്റൽ' രീതി അവലംബിച്ചാണ് ഫെഡറൽ ബാങ്ക് രാജ്യവ്യാപകമായി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നത്. ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റും ന്യൂഡൽഹി സോണൽ ഹെഡുമായ വിനോദ് കുമാർ ആർ അധ്യക്ഷത വഹിച്ച ചടങ്ങിൽ കരോൾ ബാഗ് ജില്ലാ ബിജെപി പ്രസിഡന്റ് വീരേന്ദ്ര ബബ്ബർ, കൽര ഹോസ്പിറ്റൽ സിഇഒയും മെഡിക്കൽ ഡയറക്ടറുമായ ഡോ. ആർ എൻ കൽര, കേശവ് സഹകാരി ബാങ്ക് വൈസ് ചെയർമാൻ സി.എ ജയ് പ്രകാശ് ഗുലാത്തി, മൗണ്ട് സെന്റ് മേരീസ് സ്കൂൾ പ്രിൻസിപ്പൽ ബ്രദർ ടോമി വർഗീസ്, മോഹിത് മിനറൽസ് എം.ഡി ചന്ദർ ഭൂഷൺ ബജാജ് എന്നിവർ വിശിഷ്ടാതിഥികളായി.

## ഇൻസ്റ്റാമാർട്ടുമായി കൈകോർത്ത് സാംസങ്: ഗാലക്സി ഡിവൈസുകൾ ഇനി 10 മിനിറ്റിനുള്ളിൽ ലഭ്യമാകും

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്, രാജ്യത്തെ മുൻനിര അതിവേഗ കോമേഴ്സ് പ്ലാറ്റ്ഫോമായ ഇൻസ്റ്റാമാർട്ടുമായി കൈകോർക്കുന്നു. ഈ സഹകരണത്തോടെ ഗാലക്സി സ്മാർട്ട്ഫോണുകൾ, ടാബ്ലെറ്റുകൾ, വെയറബിളുകൾ, ആക്സസറികൾ എന്നിവ ഇനി മെട്രോ നഗരങ്ങളിലെ ഉപഭോക്താക്കൾക്ക് വളരെ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ ലഭ്യമാകും.

പുതിയ സഹകരണത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ട ഗാലക്സി ഉൽപ്പന്നങ്ങൾ ഇൻസ്റ്റാമാർട്ടിൽ നിന്ന് ഓർഡർ ചെയ്താൽ മിനിറ്റുകൾക്കകം വീട്ടിലെത്തും. എല്ലാവർക്കുമായി സാങ്കേതികവിദ്യയെ കൂടുതൽ അടുത്ത് കൊണ്ടുവരുകയാണ് തങ്ങളുടെ ദൗത്യമെന്നും ഇൻസ്റ്റാമാർട്ടുമായുള്ള പങ്കാളിത്തം, തങ്ങളുടെ ഒമ്നിച്ചാനൽ തന്ത്രത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും ഗാലക്സി അനുഭവം ഉപയോക്താക്കൾക്ക് നിമിഷങ്ങൾക്കുള്ളിൽ തന്നെ ലഭ്യമാക്കുകയും ചെയ്യുന്നുവെന്ന് സാംസങ് ഇന്ത്യ എംഎക്സ് ബിസിനസ് ഡയറക്ടർ രാഹുൽ പാഹവ പറഞ്ഞു.

ഉപഭോക്താക്കളുടെ മാറുന്ന ജീവിതശൈലിയോട് ഒത്തു ചേരുക എന്നതാണ് ഇൻസ്റ്റാമാർട്ടിന്റെ ലക്ഷ്യമെന്നും സാംസങ് ഉൽപ്പന്നങ്ങൾ ഇനി ചില ടാപ്പുകൾ മാത്രം അകലെയായി 10 മിനിറ്റിനുള്ളിൽ ഉപഭോക്താക്കളുടെ കൈകളിലെത്തും എന്നതാണ് ഈ സഹകരണത്തിന്റെ പ്രത്യേകതയെന്നും ഇൻസ്റ്റാമാർട്ട് എവിഎപി മനീന്ദർ കൗശിക് പറഞ്ഞു.

## എയ്സ് വെക്ടർ പുതുക്കിയ ഡി.ആർ.എച്ച്.പി സെബിക്ക് സമർപ്പിച്ചു


**കൊച്ചി:** സോഫ്റ്റ്ബാങ്ക് പിന്തുണയ്ക്കുന്ന ഡിജിറ്റൽ കൊമേഴ്സ് ഇക്കോസിസ്റ്റമായ എയ്സ് വെക്ടർ ലിമിറ്റഡ് പ്രാഥമിക പൊതു ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പുതുക്കിയ ഡി.ആർ.എച്ച്.പി സമർപ്പിച്ചു. 300 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 6.387 കോടി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ടോക്സിക് എത്താൻ ഇനി 100 ദിവസങ്ങൾ മാത്രം

**ടോക്സിക്:** എ ഫെയറി ടെയിൽ ഫോർ ഗ്രോൺഅപ്സിന്റെ നിർമ്മാതാക്കൾ 2026 മാർച്ച് 19 ന് ഗ്രാൻഡ് റിലീസിലേക്കുള്ള കൗണ്ട്ഡൗൺ ആരംഭിച്ചു. കൃത്യം 100 ദിവസങ്ങൾ ബാക്കിനിൽക്കെ, 2026ൽ പ്രേക്ഷകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രം, ഓരോ അപ്ഡേറ്റിലും തരംഗം സൃഷ്ടിക്കുന്നത് തുടരുകയാണ്.ഗീതു മോഹൻദാസ് സംവിധാനം ചെയ്യുന്ന ടോക്സിക്കിന്റെ പുതിയ പോസ്റ്റർ റിലീസ് ചെയ്തു. ദേശീയ അവാർഡ് ജേതാവ് രാജീവ് രവിയാണ് ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിക്കുന്നത്. കെജിഎഫ് ചിത്രത്തിലെ രവി ബസ്രൂർ ആണ് സംഗീതം ഒരുക്കിയിരിക്കുന്നത്. എഡിറ്റിംഗ് ഉജ്വൽ കുൽക്കർണിയാണ്, പ്രൊഡക്ഷൻ ഡിസൈനിന്റെ ചുമതല ടി പി ആബിദിനാണ്.

ജോൺ വിക്കിലെ പ്രവർത്തനത്തിന് പ്രശസ്തനായ ഹോളിവുഡ് ആക്ഷൻ ഡയറക്ടർ ജെ.ജെ പെറിയും ദേശീയ അവാർഡ് ജേതാവായ ആക്ഷൻ ഡയറക്ടർ അൻബറിവും ചേർന്ന് ചിത്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ചില ആക്ഷൻ സീക്വൻസുകൾ ഒരുക്കിയിട്ടുണ്ട്. യാഷും ഗീതു മോഹൻദാസും ചേർന്ന് രചിച്ച ടോക്സിക് ഇംഗ്ലീഷിലും കന്നഡയിലും ഒരേസമയം ചിത്രീകരിച്ചിട്ടുണ്ട്, കൂടാതെ ഹിന്ദി, തെലുങ്ക്, തമിഴ്, മലയാളം, മറ്റ് ഭാഷകളിലും ഡബ്ബ് ചെയ്യപ്പെടും. കെവിഎൻ പ്രൊഡക്ഷൻസിന്റെയും മോൺസ്റ്റർ മൈൻഡ് ക്രിയേഷൻസിന്റെയും കീഴിൽ വെങ്കട്ട് കെ. നാരായണയും യാഷും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.പി.ആർ.ഒ: പ്രതീഷ് ശേഖർ.




# അമ്പലമുക്കിലെ വിശേഷങ്ങൾ ഡിസംബർ 12 ന്

**ഗ്രാമീണ** പശ്ചാത്തലത്തിൽ ഒരുങ്ങിയ മനോഹരമായ കുടുംബ ചിത്രം അമ്പലമുക്കിലെ വിശേഷങ്ങൾ ചിത്രത്തിന്റെ ട്രയ്‌ലർ റിലീസായി. ഡിസംബർ 12ന് ചിത്രം കേരളത്തിലെ തിയേറ്ററുകളിലേക്കെത്തും. അമ്പലമുക്ക് എന്ന നാട്ടിൻപുറത്തെ മനോഹരമായ കാഴ്ചകളും കുടുംബ ബന്ധങ്ങളും ഇഴചേരുന്ന ഫാമിലി എന്റർറ്റൈനെർ ചിത്രത്തിൽ ഗോകുൽ സുരേഷ്, ലാൽ,ഗണപതി എന്നിവരാണ് മുഖ്യവേഷങ്ങളിലെത്തുന്നത്. ജയറാം കൈലാസ് സംവിധാനം ചെയ്യുന്ന ചിത്രം ചന്ദ് ക്രിയേഷൻസിന്റെ ബാനറിൽ ജെ. ശരത് ചന്ദ്രൻ നായർ നിർമിക്കുന്നു.

മേജർ രവി, അസീസ് നെടുമങ്ങാട്, സുധീർ കരമന, മുരളി ചന്ദ്, ഷാജു ശ്രീധർ, നോബി മാർക്കോസ്, ഷഹീൻ, ധർമ്മജൻ, മെറീന മൈക്കിൾ, ബിജുക്കുട്ടൻ, അനീഷ് ജി. മേനോൻ, ഹരികൃഷ്ണൻ, മനോജ് ഗിന്നസ്, വനിതാ കൃഷ്ണൻ, സൂര്യ, സുനിൽ സുഗത, സജിത മഠത്തിൽ ഉല്ലാസ് പന്തളം എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. അമ്പലമുക്കിലെ റിലീസായ ടീസറിനും പ്രൊമോ ഗാനത്തിനും മികച്ച പ്രതികരണങ്ങളാണ് പ്രേക്ഷകരുടെ ഭാഗത്തു നിന്ന് ലഭിക്കുന്നത്. ചിത്രത്തിന്റെ സംഗീത സംവിധാനം രഞ്ജിൻ രാജാണ് നിർവഹിക്കുന്നത്.

അഡീഷണൽ ഗാനം അരുൾ ദേവ് ഒരുക്കുന്നു. ചിത്രത്തിന്റെ ഛായാഗ്രഹണം അബ്ദുൾ റഹീമും എഡിറ്റിംഗ് രഞ്ജൻ എബ്രഹാമും നിർവ്വഹിക്കുന്നു. ചിത്രത്തിന്റെ കഥ,തിരക്കഥ : ഉമേഷ് കൃഷ്ണൻ, കൊ പ്രൊഡ്യൂസർ : മുരളി ചന്ദ്, എക്സികുട്ടിവ് പ്രൊഡ്യൂസർ : ഭരത് ചന്ദ്, മുഖ്യ സഹസംവിധാനം : മനീഷ് ഭാർഗവൻ, ഗാന രചന : പി.ബിനു, വസ്ത്രാലങ്കാരം : സ്റ്റെഫി സേവ്യർ,കലാസംവിധാനം : നാഥൻ,പ്രൊഡക്ഷൻ കൺട്രോളർ : നിസാർ മുഹമ്മദ്, മേക്കപ്പ് : പ്രദീപ് രംഗൻ, പി ആർ ഓ : പ്രതീഷ് ശേഖർ, സ്റ്റിൽസ്: ക്ലിന്റ് ബേബി,ഡിസൈൻ : സാൻസൺ ആഡ്സ്.രാജ്. സാഗർ ഫിലിംസാണ് ചിത്രം കേരളത്തിലെ തിയേറ്ററുകളിൽ വിതരണം നിർവഹിക്കുന്നത്.




# ‘റീസൺ 1‘ചിത്രീകരണം പൂർത്തിയായി




**ഹത്തന ഉദയ** ഫെയിം കബോതൻ ശ്രീധരൻ നമ്പൂതിരി,ഡോക്ടർ പ്രമോദ് കുറുപ്പ്,രത്ന കലാ തങ്കം എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ പ്രശാന്ത് ഗംഗാധർ സംവിധാനം ചെയ്യുന്ന ‘റീസൺ 1 ‘ എന്ന മ്യൂസിക് ക്രൈം ത്രില്ലർ ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയായി. പ്രസാദ് അമരാഴി കഥ, തിരക്കഥ സംഭാഷണമെഴുതുന്നു.

ഓം ഗുരു ക്രിയേഷൻ, പിജിപി(സി)പ്രൊഡക്ഷൻസ് എന്നി ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ പുതുമുഖങ്ങളായ അദ്വൈത് അനിൽ, ഗൗരി കൃഷ്ണ,വിസ്മയ മഹേഷ്,എന്നിവർക്കൊപ്പം ശിവജി ഗുരുവായൂർ, ജയരാജ് കോഴിക്കോട്, വിനോദ് കോവൂർ, ശിവദാസ് മട്ടന്നൂർ, മനോരഞ്ജൻ കോഴിക്കോട്, സജി വെഞ്ഞാറമൂട്, സിനി കോലത്തുകര, അനിൽ ജോസഫ്, ചന്ദ്രൻ, ജയരാജ്,ഗോപാൽ, വിനീഷ് തുടങ്ങിയവരും അഭിനയിക്കുന്നു. റോണി, സുധാകർ, ഫൈസൽ മാവൂർ എന്നിവർ ഛായാഗ്രഹണം നിർവഹിക്കുന്നു. ശ്രീധരൻ മാടമന, സരസ്വതി ബിജു, പ്രസാദ് അമരാഴി എന്നിവരുടെ വരികൾക്ക് ഗിരീഷ് കൃഷ്ണ സംഗീതം പകരുന്നു.

ശ്രീനിവാസ് ചെന്നൈ, സിത്താര കൃഷ്ണകുമാർ, സ്റ്റാർ സിംഗർ ഋതിക, ശ്രീകാന്ത് കൃഷ്ണമൂർത്തി, അനന്യ അനിൽ, പ്രസീത പ്രമോദ്,അഗ്രീന ജി. കൃഷ്ണ, സുരേഷ് പള്ളിപ്പാറ എന്നിവരാണ് ഗായകർ.

എഡിറ്റിംഗ്-ഹരി ജി നായർ കോഴിക്കോട്,പ്രൊഡക്ഷൻ കൺട്രോളർ -രാജേഷ് അമ്മ വിഷൻ, കല- കിച്ചു, ലൗജേഷ് കോഴിക്കോട്, സെൽവൻ കോഴിക്കോട്,

മേക്കപ്പ്-രാജേഷ് രവി, ഷിജു ഫറോക്ക്, ദീപ ദീപ്തി, കോസ്റ്റ്യൂംസ്-ബിജു മങ്ങാട്ട് കോണം, ബിന്ദു വടകര, സ്റ്റിൽസ്-അബി ട്രൂവിഷൻ, ഷൈജു വിവാ കോഴിക്കോട്, പോസ്റ്റർ ഡിസൈൻ- പി. കെ രഞ്ജിത്ത്, ഫറൂഖ്, അസോസിയേറ്റ് ഡയറക്ടർ-അരുൺ തിരുവനന്തപുരം, വിജേഷ് കണ്ണൂർ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്- അബീന്ദ്രൻ, സുബിനേഷ്, സജീവ് മോസ്കോ, പ്രീസിത, ആദിദേവ് പ്രശാന്ത്, സ്നേഹപ്രിയ, അക്ഷിത്ത് പ്രശാന്ത്, രശ്മി പ്രശാന്ത്, അഭിഷേക്, പ്രൊഡക്ഷൻ മാനേജർമിഥുൻ ദാസ്, പി.ആർ.ഒ-എ എസ് ദിനേശ്.

# ‘കരിമി‘




**ഹാഫ് ലൈറ്റ്** പ്രൊഡക്ഷൻസ്ന്റെ ബാനറിൽ നന്ദു പാലക്കാട് നിർമ്മിച്ച് സുനിൽ പുള്ളോട് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ‘കരിമി‘എന്ന ഫാന്റസി ചിത്രത്തിന്റെ പൂജയും ടൈറ്റിൽ പോസ്റ്ററിന്റെ പ്രകാശനവും ശ്രീ മണപ്പുള്ളിക്കാവ് ഭഗവതി ക്ഷേത്രത്തിൽ വച്ച് നിർവഹിച്ചു. പുതുമുഖങ്ങൾക്കൊപ്പം ബാലതാരങ്ങൾ ക്കും പ്രാധാന്യം നൽകി ഒരുക്കുന്ന ഈ ചിത്രത്തിന്റെ പൂജാ ചടങ്ങിൽ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖരും അഭിനേതാക്കളും സാങ്കേതിക പ്രവർത്തകരും പങ്കെടുത്തു.

കുട്ടികളുടെ ലോകത്തെയും അവരുടെ സ്വപ്നങ്ങളേയും ആസ്പദമാക്കി ചിത്രീകരിക്കുന്ന‘കരിമി‘ മലയാളത്തിലും തമിഴിലും അവതരിപ്പിക്കുന്നു. കുട്ടികൾക്ക് ഇഷ്ടപെടുന്ന വിധത്തിൽ രീതിയിൽ ഒരുക്കുന്ന സിനിമ ബാല്യം മനസ്സിൽ സൂക്ഷിക്കുന്ന എല്ലാത്തരം പ്രേക്ഷകരേയും ആകർഷിക്കുമെന്ന് സംവിധായകൻ സുനിൽ പുള്ളോട് പറഞ്ഞു.

ഛായാഗ്രഹണം- ഐസക്ക് നെടുന്താനം, എഡിറ്റർ-പ്രഭുദേവ്, പ്രൊജക്റ്റ് ഡിസൈനർ-ദീപു ശങ്കർ,ആർട്ട്-കേശു പയ്യപ്പള്ളി, ബിജിഎം അൻവർ അമൻ, പ്രൊഡക്ഷൻ കൺട്രോളർ-അബീബ് നിലഗിരി, പ്രൊഡക്ഷൻ കോഡിനേറ്റർ-രാധാകൃഷ്ണൻ പപ്പി, പോസ്റ്റർ ഷനിൽ കൈറ്റ് ഡിസൈൻ. അത്ഭുതവും സാഹസികതയും , സൗഹൃദവും ചേർത്തൊരുക്കുന്ന ‘കരിമി‘ചിത്രത്തിന്റെ ചിത്രീകരണം ഉടൻ ആരംഭിക്കും. പി.ആർ.ഒ എ. എസ് ദിനേശ്, മനു ശിവൻ.

# വ്യോമയാന മേഖലയിൽ നിർമിത ബുദ്ധിക്ക് നിർണായക സ്ഥാനം: സെന്തിൽ കുമാർ




**നെടുമ്പാശ്ശേരി:** നിർമിത ബുദ്ധിയും ഓട്ടോമേഷനും വ്യോമയാന മേഖലയുടെ മുഖച്ഛായ മാറ്റുകയാണെന്നും, ഈ മാറ്റങ്ങൾക്കനുസരിച്ച് നൈപുണ്യ വികസനം കൈവരിക്കാൻ വിദ്യാർത്ഥികൾ തയ്യാറാകണമെന്നും എയർ ഇന്ത്യ സാറ്റ്സ് അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് സെന്തിൽ കുമാർ പറഞ്ഞു. സി.ഐ.എ.എസ്.എൽ അക്കാദമിയിൽ നടന്ന അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ദിനാചരണത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പരമ്പരാഗത ഗ്രൗണ്ട് ഹാൻഡ്‌ലിംഗ് രീതികളിൽ നിന്ന് 'സ്മാർട്ട് ഹാൻഡ്‌ലിംഗി'ലേക്ക് മേഖല മാറി. എയർപോർട്ട് പ്രവർത്തനങ്ങൾ സാങ്കേതികവിദ്യ നിയന്ത്രിക്കുന്ന കാലഘട്ടത്തിൽ നൂതനാശയങ്ങൾ കണ്ടെത്താൻ വിദ്യാർത്ഥികൾക്ക് കഴിയണം.

കിയോസ്ക് ചെക്കിൻ, ഐബോർഡിംഗ് തുടങ്ങിയ സംവിധാനങ്ങൾ വ്യാപകമാകുന്നതോടെ തൊഴിൽ ഘടനയിലും കാതലായ മാറ്റങ്ങൾ വരും. 2030ഓടെ രാജ്യത്തെ വിമാനത്താവളങ്ങളുടെ എണ്ണം 220ലേക്ക് ഉയർത്താനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. നോയിഡ, നവി മുംബൈ വിമാനത്താവളങ്ങൾ ഇതിന് ഉദാഹരണമാണ്. സിയാൽ മാതൃകയായ 'ഗ്രീൻ എയർപോർട്ട്' സങ്കൽപ്പം ആഗോളതലത്തിൽ ശ്രദ്ധ നേടിയിട്ടുണ്ട്. ഡീസൽ വാഹനങ്ങൾക്ക് പകരം ഇലക്ട്രിക് വാഹനങ്ങളും സൗരോർജ്ജവും ഉപയോഗിക്കുന്ന സുസ്ഥിര വികസന മാതൃകകളാണ് വരാനിരിക്കുന്നത്. ഇൻഡിഗോ, എയർ ഇന്ത്യ തുടങ്ങിയ വമ്പൻ എയർലൈനുകൾ ഊർജ്ജസ്വലരായ യുവതയെയാണ് തേടുന്നതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ഏവിയേഷൻ മേഖല ലക്ഷ്യമിടുന്ന വിദ്യാർത്ഥികൾക്ക് സാങ്കേതിക വൈദഗ്ധ്യത്തിനൊപ്പം വ്യക്തിഗത കഴിവുകളും ഒരു ടീമായി പ്രവർത്തിക്കാനുള്ള മനോഭാവവും നിർണായകമാണെന്ന് അക്കാദമി ഹെഡ് പി.എസ്. ബാബുരാജ് പറഞ്ഞു.

അതിവേഗം വളരുന്ന വ്യോമയാന മേഖലയിൽ സ്വപ്നം സാക്ഷാത്കരിക്കാൻ നിരന്തരം പ്രയത്നിക്കണമെന്നും അദ്ദേഹം പറഞ്ഞു. സിവിൽ ഏവിയേഷൻ ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും സംഘടിപ്പിച്ചു. ചടങ്ങിൽ സി.ഐ.എ.എസ്.എൽ ക്വാളിറ്റി മാനേജർ കെ.പി തോമസ്, പ്രൊഫസർ ഡോ. ജോമോൻ പാപ്പച്ചൻ എന്നിവർ സംസാരിച്ചു.

# ഐഎൽസിഇ 7വി അവതരിപ്പിച്ച് സോണി

**കൊച്ചി:** സോണി ഇന്ത്യ കമ്പനിയുടെ ജനപ്രിയ ആൽഫ 7 ഫുൾഫ്രെയിം മിറർലെസ് നിരയിലെ അഞ്ചാം തലമുറ ക്യാമറയായ ഐഎൽസിഇ 7വി അവതരിപ്പിച്ചു. ഇമേജുകൾക്കും വീഡിയോകൾക്കും എഐ പിന്തുണയോടെയുള്ള കൃത്യതയും വേഗതയും നൽകുമെന്നതാണ് പ്രധാന സവിശേഷതയെന്ന് സോണി ഇന്ത്യയുടെ ഡിജിറ്റൽ ഇമേജിങ് ബിസിനസ് ഹെഡ് മുകേഷ് ശ്രീവാസ്തവ പറഞ്ഞു. പുതിയതായി വികസിപ്പിച്ച 33.0 മെഗാപിക്സൽ എക്സ്മോർ ആർഎസ് സിമോസ് ഇമേജ് സെൻസറും എഐ പ്രോസസിങ് യൂണിറ്റ് ഉൾക്കൊള്ളുന്ന ബിയോൺസ് എക്സ്ആർ2 ഇമേജ് പ്രോസസിങ് എഞ്ചിനും ഇതിലുണ്ട്. റിയൽടൈം റെക്കഗ്നിഷൻ എഎഫ് വഴി എഐ ഉപയോഗിച്ച് മനുഷ്യർ, മൃഗങ്ങൾ/പക്ഷികൾ, പ്രാണികൾ, കാറുകൾ/ട്രെയിനുകൾ, വിമാനങ്ങൾ തുടങ്ങിയ ഒബ്ജെക്റ്റുകളെ 30% മെച്ചപ്പെടുത്തിയ കൃത്യതയിൽ തൽക്ഷണം തിരിച്ചറിയാനും ട്രാക്ക് ചെയ്യാനും കഴിയും.

759 ഫേസ്ഡിറ്റക്ഷൻ പോയിന്റുകൾ ഉപയോഗിച്ച് ഫ്രെയിമിന്റെ 94% വരെ കവറേജും നൽകും. മെച്ചപ്പെടുത്തിയ റീഡ്ഔട്ട് വേഗതയും ബിയോൺസ് എക്സ്ആർ2 പ്രോസസറുമുള്ളതിനാൽ 30 എഫ്പിഎസ് വരെ തുടർച്ചയായ ബ്ലാക്ക് ഔട്ട്ഫ്രീ ഷൂട്ടിങ് പുതിയ മോഡലിലൂടെ സാധ്യമാവും. സെക്കൻഡിൽ 60 തവണ വരെ എഎഫ്/എഇ കണക്കുകൂട്ടലുകളോടെയുള്ള ഹൈപ്രസിഷൻ ട്രാക്കിങ്, ഷട്ടർ അമർത്തുന്നതിന് ഒരു സെക്കൻഡ് മുമ്പുള്ള ദൃശ്യങ്ങൾ റെക്കോർഡ് ചെയ്യാൻ കഴിയുന്ന പ്രീക്യാപ്ച്ചർ ഫങ്ഷൻ എന്നിവയുമുണ്ട്. 16 സ്റ്റോപ്പ് വരെയുള്ള ഡൈനാമിക് റേഞ്ച് മികച്ച ചിത്രം ഉറപ്പാക്കും. കൃത്യമായ വർണ പുനഃസൃഷ്ടി ഉറപ്പാക്കുന്നതാണ് പുതിയ എഐ ഡ്രൈവ് ഓട്ടോ വൈറ്റ് ബാലൻസ് ഫീച്ചർ. ഫുൾഫ്രെയിം മോഡിൽ 7കെ ഓവർ സാംപിൾഡ് 4കെ 60പി റെക്കോർഡിങും എപിഎസ്സി മോഡിൽ 4കെ 120പി റെക്കോർഡിങും സാധ്യമാവും. മികച്ച ഇമേജ് സ്റ്റെബിലൈസേഷനായി ഡൈനാമിക ആക്ടീവ് മോഡ്, വീഡിയോ റെക്കോർഡിങിൽ വിഷയങ്ങളുടെ ഒപ്റ്റിമൽ കോമ്പോസിഷൻ നിലനിർത്തുന്ന എഐ പവേർഡ് ഓട്ടോ ഫ്രെയിമിങ് ഫങ്




ഷൻ എന്നിവയും സവിശേഷതകളാണെന്നും മുകേഷ് ശ്രീവാസ്തവ പറഞ്ഞു.

ഐഎൽസിഇ7വിയുടെ അതിവേഗ ഷൂട്ടിങിനെ പിന്തുണയ്ക്കുന്നതിനായി എഫ്ഇ 2870എംഎം എഫ്3.55.6 ഒഎസ്എസ് II എന്ന ഭാരം കുറഞ്ഞ കോംപാക്റ്റ് സ്റ്റാൻഡേർഡ് സൂം ലെൻസും ഇതോടൊപ്പം സോണി പുറത്തിറക്കിയിട്ടുണ്ട്. ഐഎൽസിഇ7വി ബോഡി 2025 ഡിസംബർ 10 മുതൽ 2,55,990 രൂപ വിലയിലും, ഐഎൽസിഇ7വി എം കിറ്റ് 2026 ഫെബ്രുവരി മുതൽ 2,70,490 രൂപ വിലയിലും സോണി സെന്ററുകൾ, തിരഞ്ഞെടുത്ത ക്രോമ, റിലയൻസ് ഔട്ട്ലെറ്റുകൾ, www.ShopatSC.com, Amazon എന്നിവ വഴി ലഭ്യമാകും.

## സിക്കി: ഡോ. തോമസ് നെച്ചുപാടം ചെയർമാൻ



**കൊച്ചി:** സതേൺ ഇന്ത്യ ചേമ്പർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി കേരള ചാപ്റ്റർ (സിക്കി) ചെയർമാനായി ഡോ. തോമസ് നെച്ചുപാടത്തെ (നെച്ചുപാടം ഡെന്റൽ ) തിരഞ്ഞെടുത്തു. മാത്യു ചെറിയാൻ (ട്രാൻസേഷ്യ ഗ്രൂപ്പ്), അഖിൽആഷിഖ് (ഡ്രൈവർ ലോജിസ്റ്റിക്സ്) എന്നിവരെ കോ- ചെയർമാന്മാരായും തെരഞ്ഞെടുക്കപ്പെട്ടു. രാജേഷ് നായരാണ് ട്രഷറർ.

## പുതിയ 19.5 ടൺ ഹെവിഡ്യൂട്ടി ബസുമായി ഭാരത്ബെൻസ്




**കൊച്ചി:** ഡൈംലർ ഇന്ത്യ കൊമേർഷ്യൽ വെഹിക്കിൾസ് (DICV) ഇന്റർസിറ്റി ബസ് ഓപ്പറേറ്റർമാർക്കായി ഉയർന്ന പേലോഡ് ശേഷി, കുറഞ്ഞ ഓപ്പറേറ്റിംഗ് ചെലവ്, മെച്ചപ്പെട്ട സുരക്ഷ, യാത്രാ സൗകര്യം എന്നിവ ഉറപ്പാക്കുന്ന പുതിയ 19.5 ടൺ ഹെവിഡ്യൂട്ടി ബസ് 'BB1924' പുറത്തിറക്കി. 6 വർഷം 6 ലക്ഷം കിലോമീറ്റർ പവർട്രെയിൻ വാറന്റിയോടെ എത്തുന്ന ഈ മോഡലിൽ, ആന്റിലോക്ക് ബ്രേക്കിംഗ് സിസ്റ്റം, ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, ഇലക്ട്രോമാഗ്നറ്റിക് റിട്ടാർഡർ തുടങ്ങിയ നൂതന സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തുടനീളമുള്ള 398 അംഗീകൃത ടച്ച്പോയിന്റുകളിലൂടെ BB1924 ലഭ്യമാണ്, കൂടാതെ 8.5% മുതൽ പലിശ നിരക്കിൽ മത്സരാധിഷ്ഠിത വായ്പാസഹായവും കമ്പനി വാഗ്ദാനം ചെയ്യുന്നു.

## അസം റൈഫിൾസ് :ഒഴിവുകളിലേക്ക് എസ്എസ്സി അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സെൻട്രൽ ആംഡ് പൊലീസ് ഫോഴ്സ്, എസ്.എസ്.എഎഫ് എന്നിവയിൽ കോൺസ്റ്റബിൾ തസ്തികയിലേക്കും, അസം റൈഫിൾസിൽ റൈഫിൾസ്മാൻ (ജനറൽ ഡ്യൂട്ടി) തസ്തികയിലേക്കും സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ അപേക്ഷ ക്ഷണിച്ചു ഏകദേശം 48,954 (പുരുഷൻമാർ-23467, വനിതകൾ-25487) ഒഴിവുകളാണുള്ളത്. ഡിസംബർ 31 വരെ ഓൺലൈനായി അപേക്ഷ സ്വീകരിക്കും. മലയാളം, കന്നഡ ഉൾപ്പെടെ 13 ഭാഷകളിലായാണ് അസം റൈഫിൾസ് എക്സാമിനേഷൻ-2026 സംഘടിപ്പിക്കുന്നത്. കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ 2026 ഫെബ്രുവരി, ഏപ്രിൽ മാസങ്ങളിലായി നടക്കും. പ്രായപരിധി 1823 വയസ്. ഒ.ബി.സി/ എസ്.സി/എസ്.ടി /വിമുക്ത ഭടൻ എന്നിവർക്ക് നിയമാനുസൃത വയസ്സിളവ് ബാധകമായിരിക്കും. പത്താം ക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. പരീക്ഷാ ഫീസ് 100 രൂപയാണ്. സ്ത്രീകൾ, എസ്.സി/എസ്.ടി/വിമുക്ത ഭടൻ എന്നിവർക്ക് ഫീസില്ല. വിശദ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും h-ttp-s://ssc.gov.in സന്ദർശിക്കുക.

## പാർക്ക് മെഡി വേൾഡ് ഐപിഒ ഡിസംബർ 10 മുതൽ

**കൊച്ചി:** പാർക്ക് മെഡി വേൾഡ് ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപ്പന (ഐപിഒ) 2025 ഡിസംബർ 10 മുതൽ 12 വരെ നടക്കും. ഐപിഒയിലൂട 920 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 770 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 150 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 154 മുതൽ 162 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 92 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 92 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ്, സിഎൽഎസ്എ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, ഇന്റൻസീവ് ഫിസ്കൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്റർനാഷണൽ വർക്ക്പ്ലേസ് ഗ്രൂപ്പ് കൊച്ചിയിൽ റീഗസ് സെന്റർ തുറന്നു




**കൊച്ചി:** സ്പെയ്സസ്, റീഗസ് എന്നിവയുൾപ്പെടെയുള്ള ബ്രാൻഡുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ വർക്ക്പ്ലേസ് പ്ലാറ്റ്ഫോമായ ഇന്റർനാഷണൽ വർക്ക്പ്ലേസ് ഗ്രൂപ്പ് (ഐഡബ്ല്യുജി) കൊച്ചി അപ്പർ ക്രെസ്റ്റിൽ ഏറ്റവും പുതിയ റീഗസ് സെന്റർ തുറന്നു. പുതിയ റീഗസ് സെന്റർ കൊച്ചിയിലെ കമ്പനികൾക്ക് പ്രീമിയം വർക്ക്സ്പെയ്സും ലോകമെമ്പാടുമുള്ള 5,000ലധികം സ്ഥലങ്ങളിലേക്ക് തൽക്ഷണ ആക്സസും നൽകുന്നതായി ഐഡബ്ല്യുജി അധികൃതർ പറഞ്ഞു.ആറ് നിലകളിലായി 1,498 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിലാണ് പുതിയ റീഗസ് സെന്റർ പ്രവർത്തിക്കുന്നത്.

ഇതിൽ 193 വർക്ക്സ്റ്റേഷനുകൾ, 67 സ്വകാര്യ ഓഫീസുകൾ, രണ്ട് മീറ്റിംഗ് റൂമുകൾ എന്നിവയുണ്ട്. തറ മുതൽ സീലിംഗ് വരെയുള്ള ജനാലകളോടെ രൂപകൽപ്പന ചെയ്തിരിക്കുന്ന റീഗസ് സെന്റർ ഓഫീസുകളിൽ സ്വാഭാവിക വെളിച്ചം നിറയ്ക്കുന്നു. ഇഷ്ടാനുസൃതമാക്കാവുന്ന സ്വകാര്യ ഓഫീസുകൾ മുതൽ പ്രൊഫഷണലുകൾക്കും ടീമുകൾക്കും വഴക്കത്തിനായി രൂപകൽപ്പന ചെയ്ത എല്ലാ വലുപ്പത്തിലുമുള്ള ഓപ്പൺപ്ലാൻ കോ-വർക്കിംഗ് ഏരിയകൾ വരെ എല്ലാം വാഗ്ദാനം ചെയ്യുന്നതായും ഐഡബ്ല്യുജി അധികൃതർ പറഞ്ഞു.

ഏറ്റവും പുതിയ റീഗസ് സെന്ററിന്റെ ഉദ്ഘാടനത്തിലൂടെ ഇന്ത്യയിൽ കൂടുതൽ ശക്തവും ആവശ്യമുള്ളതുമായ ഒരു മുന്നേറ്റത്തിനാണ് വഴിതുറന്നിരിക്കുന്നതെന്ന് ഇന്റർനാഷണൽ വർക്ക്പ്ലേസ് ഗ്രൂപ്പ് സിഇഒയും സ്ഥാപകനുമായ മാർക്ക് ഡിക്സൺ പറഞ്ഞു. സ്കൈലൈൻ ബിൽഡേഴ്സിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ സഹൽ അസീസുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിൽ സന്തോഷമുള്ളതായും അദ്ദേഹം പറഞ്ഞു

# സാംസങ് ഗ്യാലക്സി ടാബ് എ11 ഇന്ത്യയിൽ അവതരിപ്പിച്ചു




**കൊച്ചി:** ഇന്ത്യയിലെ മുൻനിര കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് ഗ്യാലക്സി ടാബ് എ11 അവതരിപ്പിച്ചു. എല്ലാ പ്രായക്കാരുടെയും നിത്യ ആവശ്യങ്ങൾക്കായി മികച്ച എന്റർടെയിൻമെന്റ്, സ്മൂത്ത് പ്രകടനം, വൈവിധ്യമാർന്ന ഉപയോഗങ്ങൾ എന്നിവ ഒന്നുചേരുന്ന ടാബാണിതെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.ഗ്യാലക്സി ടാബ് എ11ൽ 8.7 ഇഞ്ച് ഡിസ്പ്ലേയോടൊപ്പം 90ഹെർട്സ് റിഫ്രഷ് റേറ്റ് ലഭ്യമാക്കി, വെബ് ബ്രൗസിങ്ങ് മുതൽ സോഷ്യൽ മീഡിയ, സ്ട്രീമിംഗ് വരെ എല്ലാത്തിലും സ്മൂത്തായ ദൃശ്യാനുഭവം ലഭ്യമാണ്.

ഡോൾബിയുടെ സഹകരണത്തോടെ രൂപകൽപ്പന ചെയ്ത ഡ്യുവൽ സ്പീക്കറുകൾ സിനിമകൾക്കും ഗാനങ്ങൾക്കും വീഡിയോ കോളുകൾക്കും സമൃദ്ധവും വ്യക്തവുമായ ശബ്ദം ലഭ്യമാക്കുന്നു.
6എൻഎം അടിസ്ഥാനത്തിലുള്ള ഒക്ടാകോർ പ്രോസസറിലാണ് ടാബ് എ11 പ്രവർത്തിക്കുന്നത്. അതിനാൽ മൾട്ടിടാസ്കിംഗിലും ദിനപരിചയങ്ങളിലുമെല്ലാം വേഗതയും കാര്യക്ഷമതയും ഉറപ്പാക്കുന്നു. 5100 എംഎഎച്ച് ബാറ്ററി ദീർഘ സമയ ഗെയിമിംഗ്, ബ്രൗസിംഗ്, സ്ട്രീമിംഗ് എന്നിവയ്ക്ക് സഹായകരമാണ്.

5 എംപി ഫ്രണ്ട് ക്യാമറയോടുകൂടി, വീഡിയോ കോളുകളിൽ കൂടുതൽ വ്യക്തവും പ്രകൃതിദത്തവുമായ ദൃശ്യങ്ങളാണ് ലഭിക്കുക. കുടുംബത്തോടോ സഹപ്രവർത്തകരോടോ ബന്ധപ്പെടുമ്പോൾ മികച്ച അനുഭവം ഉറപ്പാക്കുന്നു.ഗ്രേ, സിൽവർ എന്നീ നിറങ്ങളിൽ ലഭ്യമാകുന്ന ഗ്യാലക്സി ടാബ് എ11ൽ 8ജിബി വരെ റാമും 128 ജിബി സ്റ്റോറേജും ഉണ്ട്. കൂടാതെ മൈക്രോ എസ്ഡി വഴി 2ടിബി വരെ സ്റ്റോറേജ് വർധിപ്പിക്കാനും കഴിയുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# കാർ ആക്സസറികൾക്കായുള്ള ബ്രാൻഡ് പങ്കാളിത്തം നീട്ടി ബ്ലൗപങ്ക്റ്റ്

BLAUPUNKT

**കൊച്ചി:** കാർ ഇൻഫോടെയ്ൻമെന്റ്, ഓഡിയോ ആക്സസറികൾ എന്നിവയിലെ ആഗോളതല ബ്രാൻഡായ ബ്ലൗപങ്ക്റ്റ്, ബി.പി.ഐ.എൻ പ്രൈവറ്റ് ലിമിറ്റഡുമായുള്ള പങ്കാളിത്തം 15 വർഷത്തേക്ക് കൂടി നീട്ടി. 27 വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുന്ന സഹകരണത്തിന്റെ തുടർച്ചയാണ് 2041 വരെ പങ്കാളിത്തം നീട്ടിക്കൊണ്ടുള്ള നീക്കം. കാർ ഓഡിയോ, കാർ ആക്സസറികൾ എന്നിവ ഉൾക്കൊള്ളുന്ന മേഖലയിലെ ഉൽപന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും ഉയർന്ന നിലവാരമുള്ള ഉൽപന്നങ്ങളും അവയുടെ പരാതി രഹിത സർവീസും പങ്കാളിത്തം ലക്ഷ്യമിടുന്നു.

ഇന്ത്യയിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഓട്ടോമോട്ടീവ് മേഖലയിൽ ഇൻഫോടെയ്ൻമെന്റ് സിസ്റ്റങ്ങൾക്കുള്ള വർദ്ധിച്ചു വരുന്ന ആവശ്യകത നിറവേറ്റുന്നതിനും ഉപഭോക്താക്കളുടെ വിവിധ താൽപര്യങ്ങൾക്ക് അനുസൃതമായ പുതിയൊരു നിര അക്സസറികൾ വിപണിയിലെത്തിക്കുന്നതിനും ഈ പങ്കാളിത്തം ഏറെ സഹായകരമാകുമെന്ന് ബിപിഐഎൻ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പങ്കജ് ജഗ്വാനി പറഞ്ഞു. ബ്ലൗപങ്ക്റ്റിന്റെ ഏറ്റവും മികച്ച വിപണികളിലൊന്നാണ് ഇന്ത്യ. രാജ്യത്തെ ഉപഭോക്താക്കൾക്ക് മികച്ച നിലവാരമുള്ള ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതിൽ കമ്പനി ഏറെ ശ്രദ്ധ ചെലുത്തുന്നുവെന്നും അതുല്യ പ്രകടനം, വിശ്വാസ്യത, മികച്ച ഗുണനിലവാരം എന്നിവ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്കുള്ള ആദ്യത്തെ ചോയ്സാണ് ബ്ലൗപങ്ക്റ്റെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗുണനിലവാരം, നവീകരണം, ഉപഭോക്തൃ വിശ്വാസം എന്നിവയ്ക്കുള്ള ബ്ലൗപങ്ക്റ്റിന്റെ ശക്തമായ പ്രശസ്തി കെട്ടിപ്പടുക്കുന്നതിൽ ബിപിഐഎൻ നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്നും ഇന്ത്യൻ ഉപഭോക്താക്കൾക്കായി അടുത്ത തലമുറയിലെ സ്മാർട്ട്, കണക്റ്റഡ് ഇൻകാർ ഇൻഫോടെയ്ൻമെന്റ്, ആക്സസറി ഉൽപന്നങ്ങൾ എത്തിക്കുന്നതിൽ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും ബ്ലൗപങ്ക്റ്റ് പ്രതിനിധി തോർസ്റ്റൺ ഗെബാർഡ്റ്റ് അറിയിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com